# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4513 27.06.2013 - ൽ മറുപടിക്ക്

## <u>പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിലെ</u>
## <u>അഴിമതി, ക്രമക്കേട്</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കുഞ്ഞമ്മത് മാസ്റ്റർ :** | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഓഫീസുകളിലെ അഴിമതി, ക്രമക്കേട് എന്നിവ കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ; | (എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ അഴിമതി, ക്രമക്കേട് എന്നിവ നടക്കുന്നതായി പരാതി ഉണ്ടാകുന്ന പക്ഷം, പരാതിയുടെ ഗൗരവമനുസരിച്ച്, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് എന്നീ ഏജൻസികൾ അന്വേഷണം നടത്തി വരുന്നു. ഇത് കൂടാതെ, പൊതുമരാമത്ത് വകുപ്പിന് നേരിട്ട് പരാതികൾ ലഭിക്കുമ്പോഴും കോടതി നിർദ്ദേശം ഉണ്ടാകുമ്പോഴും വകുപ്പിലെ വിജിലൻസ് വിഭാഗം നേരിട്ടും, മേഖലാ ജില്ലാ ഓഫീസുകളുടെ സഹായത്തോടെയും അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. കൂടാതെ, ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ക്രമക്കേടുകൾ തടയുന്നതിനായി വിപുലമായ ക്വാളിറ്റി കൺട്രോൾ സംവിധാനം ഏർപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. പൊതുമരാമത്ത് വകുപ്പിന്റെ പരാതി |

| | | |
|---|---|---|
| | | പരിഹാര സെല്ലിലൂടെ പ്രവൃത്തി-കളെ സംബന്ധിച്ച ആരോപണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | പൊതുമരാമത്ത് വകുപ്പിന് കീഴിൽ അഴിമതിയും ക്രമക്കേടും നടത്തി-യതിന്റെ ഭാഗമായി ഏതെല്ലാം ഓഫീസുകളിൽ, ഏതെല്ലാം ഉദ്യോഗസ്ഥരുടെ പേരിൽ ഈ സർക്കാർ നടപടികൾ സ്വീകരിച്ചി-ട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | (ബി) & (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാരുടെ പേരിൽ സ്വീകരിച്ച നടപടി കളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരി-ക്കുന്നു. |
| (സി) | ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, എവിടെ ജോലി ചെയ്തു, നടപടി -കളുടെ സ്വഭാവം എന്നീ വിവര-ങ്ങൾ ലഭ്യമാക്കുമോ ? | |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**